50,000 ആക്കി വർധിപ്പിക്കാനും കാനറാബാങ്ക് ഉദ്ദേശിക്കുന്നു. മററു ബാങ്കുകൾക്കും ഉണ്ടായിരിക്കും ഇത്തരം കാർഡ് ഉപയോഗ വികസന പരിപാടികൾ. ഏതാനും വർഷങ്ങൾക്കുള്ളിൽ ക്രെഡിററ് കാർഡുകൾ ഇന്ത്യയിൽ സാർവത്രികങ്ങളായി ത്തീർന്നുകൂടായ്കയില്ല. അങ്ങനെവന്നാൽ, കടയിൽച്ചെന്നു നാം ആദ്യം ചോദി ക്കുന്ന ചോദ്യം നമുക്കാവശ്യമുള്ള സാധനം അവിടെയുണ്ടോ എന്നതായിരിക്കില്ല; വില 'പ്ളാസ്റ്റിക്'' ആയി കൊടുത്താൽ മതിയോ എന്നതായിരിക്കും. 'പ്ളാ സ്റ്റിക്'' അല്ലാതെ നോട്ടും നാണയവുമായി വരുന്ന ക്രേതാവിനെ കച്ചവടക്കാർ സംശയദൃഷ്ടിയോടെ നോക്കാൻ തുടങ്ങുകയെന്നതും സംഭവ്യമാണ്. പണം (നാണ യവും നോട്ടും) കട്ടതാവാം; കള്ളക്കമ്മട്ടത്തിൽ അടിച്ചതാവാം. പ്ളാസ്റ്റിക് കാർഡിൽ മായം പരമാവധി കുറഞ്ഞിരിക്കാനാണു സാധ്യത.

അതെയോ? പ്ളാസ്റ്റിക് കാർഡും കട്ടതോ കളവായി നിർമിച്ചതോ ആയി ക്കൂടേ? ആവാം. പക്ഷേ, കള്ളക്കാർഡ് വേഗത്തിൽ കണ്ടുപിടിക്കപ്പെടും. കള്ള നോട്ടും കള്ളനാണയവും കട്ട പണവും കണ്ടുപിടിക്കപ്പെടുന്നതു് അപൂർവമത്രേ.

31 മാർച്ച്, 1989

# 68. വിളക്കുകൾ

പകൽ ചൂട് അസഹ്യമായിരുന്നു. സന്ധ്യയ്ക്കു മുമ്പുതന്നെ പടിഞ്ഞാറെ ചക്രവാള ത്തിൽനിന്നു മേഘങ്ങൾ ഉയരാൻതുടങ്ങി. തുടർച്ചയായി ഇടി മുഴങ്ങി. പല ആകൃ തികളിൽ മിന്നൽ മേഘങ്ങളിൽ പുളഞ്ഞു. ഒരു ചെറിയ കാററു വീശി. മഴ പെയ്തി ല്ല. പക്ഷേ, വൈദ്യുതിയുടെ പ്രവാഹം നിലച്ചു. വീട്ടിൽ ട്യൂബുകളും ബൾബുകളും കെട്ടു. പങ്ക തിരിയാതായി.

കടപ്പുറത്താണ് ഞങ്ങളുടെ വീട്. ചെറിയൊരു കാററടിക്കുകയേ വേണ്ടൂ, വൈദ്യുതി ഒഴുകുന്ന കമ്പികൾ ആടിയുലയാൻ തുടങ്ങും. അതോടെ വീട്ടിലേക്കുള്ള വൈദ്യുതീബന്ധം വിച്ഛേദിക്കപ്പെടും. പിന്നെ അടുത്ത ദിവസമേ അതു പുനഃ സ്ഥാപിക്കപ്പെടുകയുള്ളു. സബ്സ്റ്റേഷനിൽ ചെന്നു പറഞ്ഞിട്ടു കാര്യമൊന്നുമില്ല. 'പ്രാണഭയം ഞങ്ങൾക്കുമില്ലേ സാർ? ഈ രാത്രിയിൽ നനഞ്ഞ തൂണിൽ എങ്ങനെ കയറും? നേരം പുലരട്ടെ. എന്നിട്ടു നോക്കാം' എന്ന വൈദ്യുതി ഉദ്യോഗസ്ഥ ന്മാരുടെ പ്രതികരണത്തിൽ പ്രതിഷേധാർഹമായി എന്താണുള്ളതു്?

ഇരുട്ടിൽ കുറെ നേരം ഇരിക്കുമ്പോഴേക്ക് ആരെങ്കിലുമൊരാൾ ഒരു മെഴുകു തിരി കത്തിച്ചു കൊണ്ടുവരുന്നു. ആടിയുലയുന്ന അതിൻെറ നാളം മുറിയിൽ അല്പം പ്രകാശം പരത്തുന്നു. കിടക്ക നിവർത്തി കിടക്കാൻ ഈ വെളിച്ചം മതി. പക്ഷേ, ഈ ചൂടിൽ എങ്ങനെ കിടക്കും? വായിക്കാനോ എഴുതാനോ മറെറന്തെങ്കി ലും പ്രവൃത്തികൾ ചെയ്യാനോ ഈ വെളിച്ചത്തിൽ സാധ്യവുമല്ല.

വൈദ്യുതി സാർവത്രികമാകാതിരുന്ന പഴയ കാലത്തു വീടുകളിൽ ഉണ്ടായി രുന്ന വിളക്കുകളെപ്പററി ആലോചിച്ചുപോകുന്നതു് അപ്പോഴാണ്.

വെളിച്ചെണ്ണയോ എള്ളെണ്ണയോ ഒഴിച്ചു കത്തിച്ചിരുന്ന ഓടുകൊണ്ടുള്ള നില വിളക്കുകൾ ഞങ്ങളുടെ വീട്ടിൽ വിശേഷാവസരങ്ങളിൽ മാത്രമേ പുറത്തെടുത്തിരു ന്നുള്ളു. മരംകൊണ്ടു കാലും ഇരുമ്പുകൊണ്ടു തട്ടും ഉള്ള 'മാടമ്പി' ആയിരുന്നു നിത്യോപയോഗത്തിനു്. ഇതു് ഒരു ദിക്കിൽ സ്ഥിരമായി വെക്കാനേ പററൂ. വെളിച്ചം എങ്ങോട്ടെങ്കിലും കൊണ്ടുപോകണമെങ്കിൽ അതിനു് ഉപയോഗിച്ചിരു ന്നതു് 'കോൽവിളക്ക്'' ആയിരുന്നു. നീണ്ട ഒരു ഇരുമ്പുകോലിൽ തൂക്കിയിട്ട ഒരു ഇരുമ്പുതട്ട് ആണ് കോൽവിളക്ക്. പ്രഭുത്വചിഹ്നമായ 'ചങ്ങലവട്ട' ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നില്ല. കോൽവിളക്ക പോരെന്നു തോന്നുമ്പോൾ ഉപയോഗി

ക്കാൻ ക്ഷേത്രത്തിലെ ഓട്ടുകൊണ്ടുള്ള തൂക്കുവിളക്കും ശീവേലിക്കും മററും ഉപയോഗിക്കുന്ന നീണ്ട ഇരുമ്പുകാലുള്ള കുത്തുവിളക്കും ഉണ്ടായിരുന്നുതാനും.

'എമ്പ്രാന്റെ വിളക്കത്തു് വാരിയന്റെ അത്താഴം' എന്ന ചൊല്ലു് അന്നു പ്രസിദ്ധമായിരുന്നു. വാരിയന്റെ അത്താഴമുണ്ണിന്നു വെളിച്ചം നൽകിയിരുന്ന എമ്പ്രാന്റെ ആ വിളക്കു് ഏതു തരത്തിലുള്ളതായിരുന്നു? 'ഗ്ലാസ്സ് വിളക്ക്' എന്നും 'കുപ്പിവിളക്ക്' എന്നും വിളിക്കപ്പെട്ടിരുന്ന ചെറിയ ഒരു വെളിച്ചെണ്ണവിളക്കായിരുന്നു അതു് എന്നാണ് എന്റെ ഊഹം. പാതിയിലേറെ എണ്ണ നിറച്ച ഒരു ചില്ലുഗ്ലാസ്സും മേൽഭാഗത്തു് അതിനെ ചുററി പിച്ചളകൊണ്ടുള്ള പരന്ന ഒരു വളയവും വിജാഗിരിയും കൊളുത്തും ഉപയോഗിച്ചു് ഈ വളയത്തോടു ഘടിപ്പിച്ച ഒരു പിച്ചളമകടവുമാണ് ഈ വിളക്കിന്റെ സ്വരൂപം. ഗ്ലാസ്സിലെ എണ്ണയിൽ നൂൽത്തിരി ഉയർത്തിനിർത്താനായി പിച്ചളകൊണ്ടുള്ള ഒരു മുക്കാലിയിൽ ഘടിപ്പിച്ച ഒരു ചെറുകുഴൽകൂടി ആയാൽ ഈ വിളക്കിന്റെ ഘടന പൂർത്തിയായി. എമ്പ്രാൻ അത്താഴപ്പൂജ കഴിഞ്ഞു ശ്രീകോവിൽ പൂട്ടുംമുമ്പു് ശ്രീകോവിലിലെ വിളക്കുകളിൽ ശേഷിച്ച എണ്ണ തന്റെ ഗ്ലാസ്സുവിളക്കിലേക്കു് ഊററുന്നു. ഒരു രാത്രി മുഴുവൻ ഒരു തിരി നിന്നുകത്താൻ ഇത്രയും എണ്ണ മതിയാവും. എമ്പ്രാന്റെ കിടപ്പു് വാരിയത്തു് ആയതിനാൽ വാരിയന്റെ അത്താഴം എമ്പ്രാന്റെ വിളക്കത്തു് ആകുന്നതു സ്വാഭാവികം മാത്രം. ഇത്തരം 'എമ്പ്രാന്റെ വിളക്കുകൾ' ഒന്നുരണ്ടെണ്ണം എന്റെ വീട്ടിൽ ഉണ്ടായിരുന്നു. ഇന്നു് അവ എവിടെ പോയോ?

ഖനികളിലെ തൊഴിലാളികളുടെ ഉപയോഗത്തിനുവേണ്ടി ഒരു പ്രത്യേകതരം വിളക്കു് പത്തൊമ്പതാം നൂററാണ്ടിന്റെ തുടക്കത്തിൽ സർ ഹംഫ്രി ഡേവി എന്ന ബ്രിട്ടീഷ് രസതന്ത്രജ്ഞൻ സംവിധാനംചെയ്തിരുന്നു. നമ്മുടെ റെയിൽവെ സ്റ്റേഷനുകളിൽ രാത്രികാലത്തു സിഗ്നലിങ്ങിനു് ഉപയോഗിച്ചിരുന്നതു് ഏതാണ്ടു് ഈ മാതൃകയിലുള്ള റാന്തലുകൾ ആയിരുന്നു. എന്റെ അച്ഛന്റെ കൈയിലും ഉണ്ടായിരുന്നു ഇത്തരം ഒരു റാന്തൽ. പക്ഷേ, അതിന്റെ മുൻവശത്തുണ്ടായിരുന്നതു പ്രകാശം കേന്ദ്രീകരിക്കാനുതകുന്ന വട്ടത്തിലുള്ള ഉത്തലകാചം (കോൺവെക്സ് ലെൻസ്) ആയിരുന്നില്ല; പ്രകാശം പരന്നൊഴുകാൻ സഹായിക്കുന്ന പരന്ന ചില്ലായിരുന്നു. മഴക്കാലത്തു വെള്ളപ്പൊക്കം ഉണ്ടാകാറുള്ള പാടത്തിന്റെ വക്കത്തായിരുന്നു അച്ഛന്റെ വീടു്. വെള്ളം നിറഞ്ഞ പാടത്തുകൂടി സഞ്ചരിക്കുവാൻ അച്ഛൻ ഉപയോഗിച്ചിരുന്ന തോണിയുടെ അണിയത്തു ഘടിപ്പിക്കാനുള്ള സംവിധാനം ഈ വിളക്കിൽ ഉണ്ടായിരുന്നു. തോണി കരയിൽ അടുത്തുകഴിഞ്ഞാൽ ഈ വിളക്കു് ഊരിയെടുത്തു വീട്ടിലെ ആവശ്യങ്ങൾക്കു് ഉപയോഗിക്കും. മണ്ണെണ്ണയും വെളിച്ചെണ്ണയും കലർത്തിയാണ് ഈ റാന്തലിൽ ഒഴിച്ചിരുന്നതു്. എന്റെ വിദ്യാഭ്യാസദശയിൽ ആദ്യപാഠങ്ങൾ പലതും ഞാൻ പഠിച്ചതു് ഈ റാന്തലിന്റെ വെളിച്ചത്തിലായിരുന്നു.

'കമ്പിറാന്തൽ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന 'ഹരികെയ്ൻ ലാമ്പു'കൾ പ്രചാരത്തിൽ വന്നതു് ഇക്കാലത്താണ്. ജർമനിയിൽ നിർമിച്ച 'ഫെയർ ഹാൻഡ്', അമേരിക്കയിൽ നിർമിച്ച 'ഡീററ്സ്' എന്നീ വിളക്കുകളാണ് ഞങ്ങളുടെ നാട്ടിൽ ധാരാളമായി ഉപയോഗത്തിലിരുന്നതു്. ഇവയിൽ ഏററവും മികച്ചവ അമേരിക്കൻ വിളക്കുകളായിരുന്നു. സാധാരണ ഇടത്തരം വലിപ്പത്തിലുള്ളവയ്ക്കു പുറമെ വലിപ്പം കൂടിയും കുറഞ്ഞുമുള്ള ഇവയുടെ മാതൃകകൾകൂടി കുറച്ചു കാലം പ്രചരിച്ചു. പക്ഷേ, ഉപയോഗത്തിനു് ഏററവും നല്ലതു് ഇടത്തരം വലിപ്പമുള്ള വിളക്കുകളായിരുന്നു. മേശപ്പുറത്തു വെക്കുന്ന മേശവിളക്കു്, ചുവരിൽ തറയ്ക്കുന്ന ചുവർവിളക്കു് എന്നിവയും ചെറിയ കിടപ്പുമുറിവിളക്കുകളും അന്നു പ്രചരിച്ചിരുന്നു. തകരംകൊണ്ടോ ഓട്ടുകൊണ്ടോ ഉള്ള 'ചിമ്മിനി'കളായിരുന്നു ദരിദ്രഗൃഹങ്ങളിൽ കൂടുതൽ കാണപ്പെട്ടിരുന്നതു്. ചില്ലുകൊണ്ടുള്ള ആവരണം ഇല്ലാത്ത ഇവ വെളിച്ചത്തെക്കാൾ കൂടുതൽ പുകയാണു പുറത്തു വിട്ടിരുന്നതു്. മണ്ണെണ്ണ ഉപയോഗിച്ചു കത്തിക്കുന്ന ഈ വിളക്കുകളിൽ വീട്ടിനകത്തും പുറത്തും ഉപയോഗിക്കാവു

ന്നവ എന്ന നിലയിൽ കമ്പിറാന്തലുകൾ ഏററവും മികവു പുലർത്തി. കുടിൽതൊട്ടു കൊട്ടാരംവരെ ഇവ പ്രചരിക്കുകയുംചെയ്തു.

ജർമനിയിലും അമേരിക്കയിലും കമ്പിറാന്തലുകൾ ഇപ്പോഴും നിർമിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഇന്ത്യയിൽ കൽക്കത്തയിൽ നിർമിച്ച കമ്പിറാന്തലുകൾ നമ്മുടെ അങ്ങാടികളിൽ ഇപ്പോൾ കിട്ടാനുണ്ട്. കഴിഞ്ഞ ആണ്ടിൽ വാങ്ങിയ ഒരു കമ്പിറാന്തൽ എന്റെ വീട്ടിലുണ്ട്. നീലച്ചായം പുരട്ടിയ ഇതു കാണാൻ ഭംഗിയില്ലെന്നതു പോകട്ടെ, വളരെ വേഗത്തിൽ എണ്ണ ചോർന്നുതുടങ്ങുന്നു എന്നതാണ് ഇന്ത്യൻ കമ്പിറാന്തലുകളുടെ ഏററവും വലിയ ദോഷം. അവയുടെ 'ബെർണറുകൾ' (നാടയിട്ടു കത്തിക്കുന്ന ഭാഗങ്ങൾ)എളുപ്പത്തിൽ ചൂടുപിടിക്കുന്നു. ഇതിന്റെ ഫലമായി തീജ്ജ്വാല ആളിക്കത്തി മേല്പോട്ടു ചാടുന്നു;വിളക്കു പെട്ടെന്നു കെട്ടുപോകുകയുംചെയ്യുന്നു. നാടയുടെ കരിഞ്ഞ ഭാഗം കൂടെക്കൂടെ മുറിച്ചു കളഞ്ഞില്ലെങ്കിൽ നാടയുടെ അററത്തു ചുവന്ന കനൽ പ്രത്യക്ഷപ്പെടുകയും വിളക്കു പുകഞ്ഞുതുടങ്ങുകയും ചെയ്യുമെന്ന ദോഷം ഇതിനു പുറമെയാണ്. കമ്പിറാന്തലിന്റെ ഇപ്പോൾ കിട്ടുന്ന ചില്ലുകുഴലുകൾക്കു കനം കൂടുതലും തെളിമ കുറവുമാണ്. നല്ല നാട കിട്ടാനും പ്രയാസം.

വൈദ്യുതിക്ഷാമം നമ്മുടെ നാട്ടിൽനിന്ന് അടുത്തൊന്നും അപ്രത്യക്ഷമാകുന്ന മട്ടില്ല. ഇനിയും ഏറെക്കാലത്തേക്കു രാത്രിയിൽ വെളിച്ചത്തിനു നമുക്കു കമ്പിറാന്തലുകളെ ആശ്രയിക്കേണ്ടിവരും. ഇന്ത്യ സാങ്കേതികമായി പല രംഗങ്ങളിലും പുരോഗമിച്ചിരിക്കുന്നു. പല സൂക്ഷ്മ യന്ത്രോപകരണങ്ങളും നാം നിർമിക്കുന്നുണ്ട്. ഫെയർഹാൻഡിന്റെയോ ഡീററ്സിന്റെയോ ഗുണനിലവാരമുള്ള കമ്പിറാന്തലുകൾ ഉണ്ടാക്കാൻ നാം എന്തുകൊണ്ടു ശ്രമിക്കുന്നില്ല?

കാരണം സ്പഷ്ടം. കമ്പിറാന്തലുകൾ പാവങ്ങളുടെ വിളക്കുകളാണ്. പാവങ്ങളുടെ കാര്യത്തിൽ ഇന്ത്യയിൽ ആർക്കുണ്ടു ശ്രദ്ധ? ഗ്രാമീണസാങ്കേതിക വിദ്യ, ഉചിത സാങ്കേതികവിദ്യ എന്നൊക്കെ പറയാറുണ്ടെങ്കിലും അതൊക്കെ സെമിനാറുകളിൽ പ്രസംഗിക്കാനുള്ള വിഷയങ്ങൾ മാത്രമാണ്; പ്രായോഗികമായി നടപ്പിലാക്കേണ്ട കാര്യങ്ങളല്ല. പഴയ, നല്ല, ഒരു കമ്പിറാന്തലിന്റെ വിഭിന്ന ഭാഗങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അവയെ അനുകരിച്ചു പുതിയ, നല്ല കമ്പിറാന്തൽ ഉണ്ടാക്കുക അസാദ്ധ്യമാണോ? നിലവാരമുള്ള വസ്തുക്കൾ മാർക്കററിൽ കിട്ടാനില്ലെങ്കിൽ നിലവാരം കുറഞ്ഞ വസ്തുക്കൾ വിററഴിയുമെന്നു നമ്മുടെ നിർമാതാക്കൾക്ക് അറിയാം. പഴയ നല്ല ജർമൻ–അമേരിക്കൻ കമ്പിറാന്തലുകൾ ദീർഘകാല ഉപയോഗത്തിനു നിർമിക്കപ്പെട്ടവയായിരുന്നു. സൂക്ഷിച്ചാൽ ഒരായുഷ്കാലമത്രയും അവ തുടർന്ന് ഉപയോഗിക്കാമായിരുന്നു അത്തരം സാധനങ്ങൾ നിർമിക്കുന്നതു നല്ല വ്യവസായനയമല്ലെന്ന് ഇന്നത്തെ നമ്മുടെ നിർമാതാക്കൾ കരുതുന്നുണ്ടാവണം. ഒരു സീസണിൽ ഒരാൾ ചുരുങ്ങിയത് മൂന്നു വിളക്കുകളെങ്കിലും വാങ്ങുമെങ്കിൽ വ്യവസായം അത്രയും പുഷ്ടിപ്പെടുമല്ലോ. അതിനാൽ എളുപ്പത്തിൽ കേടുവരുന്ന, നിലവാരം വളരെ താഴ്ന്ന ചരക്കുകൾ നിർമിക്കാനാണ് ഇന്ത്യൻ വ്യവസായികൾക്കു വാസന. അവരെ തുണയ്ക്കാൻ വൈദ്യുതിയുടെ ദൗർലഭ്യവും അനിശ്ചിതത്വവും ഉണ്ടുതാനും.

ശരി. ഏതായാലും കത്തിച്ചാലുടൻ നാടയിൽ ഇരുവശത്തേക്കും മീശപോലെ നാളങ്ങൾ നീളുന്ന, താമസിയാതെ നാളം ചാടിത്തുടങ്ങുന്ന, ഏതു നിമിഷത്തിലും കെട്ടുപോകാവുന്ന, കൽക്കത്തയിൽ നിർമിച്ച നീലക്കമ്പിറാന്തൽ എടുക്കൂ. ചിമ്മിനി തുടച്ച്, നാടയുടെ അററം കത്രികകൊണ്ടു മുറിച്ച് മണ്ണെണ്ണ ഒഴിക്കണമെങ്കിൽ ഒഴിച്ചു കൊള്ളൂ. എത്ര നേരമാണ് ഈ ആടിക്കളിക്കുന്ന മെഴുകുതിരി വെളിച്ചത്തിൽ മനോരാജ്യവും വിചാരിച്ച് ഇരിക്കുക?

20 മെയ്, 1989